## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **08.07.2014 -ലെ മറുപടിക്ക്**

**നിയമസഭാ ചോദ്യം നം: 6319**

### ആപ്പിൾ ട്രീ ചിട്ടി കമ്പനിയുടെ തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരായ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കേസുകളിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) നിക്ഷേപകരുടെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; കേസ്സിൽ എത്ര പ്രതികളുണ്ട്; ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളാരെല്ലാം; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. നിക്ഷേപകരുടെ പരാതികൾ സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 39 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുള്ളതുമാണ്. 2 കേസുകൾ ബഹു: ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ആകെ 114 പ്രതികളുള്ളതിൽ 11 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ശങ്കർ ജി. ദാസ്, എക്സിക്യൂട്ടീവ് ഡയറക്ടറായ വിമൽകുമാർ, അഡ്വൈസറി ബോർഡ് ചെയർമാനായ കെ.ജി. ജെയിംസ്, വിവിധ ബ്രാഞ്ചുകളുടെ മാനേജർമാർ, ജീവനക്കാർ എന്നിവരെ ടി 39 കേസുകളിൽ പ്രതികളായി ഉൾപ്പെടുത്തിയിട്ടുള്ളതും ഇനിയും അറസ്റ്റു ചെയ്യുവാൻ ബാക്കിയുള്ളവരുമാണ്. |
| (സി) പ്രസ്തുത കമ്പനിയുടെ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വിശദമാക്കുമോ; തട്ടിപ്പിനിരയായ നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) തട്ടിപ്പിനിരയായ നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടില്ല. ആപ്പിൾ ട്രീ ചിറ്റ്സ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചിട്ടി നടത്തുന്നതായി വിശ്വസിപ്പിച്ച്, നിക്ഷേപകരിൽ നിന്നും ഒരു നിശ്ചിത എണ്ണം തവണകൾ പണമാക്കി ഒടുക്കി കഴിഞ്ഞാൽ ചിട്ടിതുകയുടെ 75% മുൻകൂറായി നൽകുമെന്ന് പറഞ്ഞ് നിക്ഷേപകരെ വിശ്വസിപ്പിച്ച് പ്രതികൾ മുങ്ങിയതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ഇതിൽ സ്ഥാപനത്തിന്റെ ശാഖകളുടെ പരിസരങ്ങളിൽ നിന്നും ജീവനക്കാരെ നിയോഗിച്ച് അവരെ ഉപയോഗിച്ചാണ് കൂടുതലായും തട്ടിപ്പുകൾ നടത്തിയിരിക്കുന്നതെന്ന് മനസ്സിലായിട്ടുണ്ട്. |
| (ഡി) പ്രസ്തുത കേസ്സിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത കേസുകളിൽ 4 എണ്ണം അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും 2 എണ്ണം ബഹു: ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള കേസുകളിൽ തട്ടിപ്പിന് നേതൃത്വം നൽകിയ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**